**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 699** **05-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എ . പി . അനിൽ കുമാർ** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെ നിലവിലെ ഓഡിറ്റ് സംവിധാനങ്ങൾ വിശദമാക്കാമോ; ആയതിലെ പോരായ്മകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | കേരള സഹകരണ നിയമം, ചട്ടം ആഡിറ്റ് മാന്വൽ സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകൾ സംഘം ബൈലോ, അംഗീകരിക്കപ്പെട്ട സബ് റൂളുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് സഹകരണ ബാങ്കുകളിലെ ആഡിറ്റ് നിർവ്വഹിക്കപ്പെടുന്നത്. ഓരോ സഹകരണ ബാങ്കിന്റെയും കണക്കുകൾ പൂർണ്ണമായും പരിശോധിച്ച് ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നത് ബന്ധപ്പെട്ട ആഡിറ്റർമാരാണ്. യൂണിറ്റ് അടിസ്ഥാനത്തിലും കെ.എസ്.ആർ 156 പ്രകാരം സിങ്കിൾ/ ഗ്രൂപ്പ് കൺകറന്റ് ആഡിറ്റർമാരെ നിയമിച്ചും ആഡിറ്റ് ജോലികൾ നിർവ്വഹിക്കപ്പെട്ട് വരുന്നു. സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തന വ്യാപ്തിക്ക് അനുസരിച്ച് ആവശ്യമായ തസ്തികയിൽ ഉള്ള ആഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ആഡിറ്റ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എല്ലാതരം സംഘങ്ങളിലും ടീം ആഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനും കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ആഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിക്ക് മാറ്റം വരുത്തി സംഘത്തിന്റെ പ്രവർത്തന വ്യാപ്തിക്ക് അനുസരിച്ച് ആഡിറ്റ് ഫീസ് നിശ്ചയിക്കുകയും, പ്രസ്തുത ആഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേക്ക് സ്വീകരിച്ച് കൊണ്ട് ആഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനും സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് സഹകരണവകുപ്പ് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും, സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും, നിലവിലുള്ള ആഡിറ്റ് നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും, ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും, കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ആഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങൾ ഓഡിറ്റ് ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി സഹകരണ ആഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം സി-ഡിറ്റ് മുഖേന സഹകരണ വകുപ്പിൽ നടപ്പിലാക്കുന്ന ICDMS പ്രോജക്ടിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ഡെഡിക്കേറ്റഡ് ടീം രൂപീകരിച്ച് അടിയന്തിരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത മോണിറ്ററിംഗ് സിസ്റ്റത്തിൽ ദീർഘകാലമായി ആഡിറ്റ് മുടങ്ങിയിരിക്കുന്ന സ്ഥാപനങ്ങൾ red flag ചെയ്യുന്നതിനും ഇത് സംബന്ധിച്ച് പതിവായി pop-up ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. |
| (ബി) | സഹകരണ ബാങ്കുകളിലെ ഓഡിറ്റുകൾ സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; | (ബി) | ഇല്ല |
| (സി) | കരുവന്നൂർ ബാങ്ക് തട്ടിപ്പിനെക്കുറിച്ച് 2019-ൽ അന്നത്തെ സഹകരണവകുപ്പ് മന്ത്രിക്ക് പരാതി ലഭിച്ചിട്ടും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ? | (സി) | പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം ആരംഭിച്ചിരുന്നു. ഇപ്പോൾ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ